# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4025 12/12/2018-ൽ മറുപടിക്ക്

## ലാബ് ടെസ്റ്റുകൾക്ക് ഏകീകൃത ഫീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ ലബോറട്ടറികളിൽ വിവിധ ടെസ്റ്റുകൾക്ക് പലതരത്തിലുള്ള ഫീസ് ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫീസ് നിശ്ചയിക്കുന്നതിൽ എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | എ) യും ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലാബ് ടെസ്റ്റുകൾക്ക് ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം നിലവിലില്ല. എന്നാൽ, സർക്കാർ, സ്വകാര്യ ആശുപത്രികൾ, ലാബോറട്ടറികൾ എന്നിവയെ നിയന്ത്രിക്കുകയും അവയെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആശുപത്രികളെയും ലാബോറട്ടറികളെയും നിയന്ത്രിക്കാനുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് കേരള നിയമസഭ പാസ്സാക്കിയിട്ടുണ്ട്. ആക്ട് പ്രാബല്യത്തിൽ വരുന്നതോടെ സ്വകാര്യ മെഡിക്കൽ ലാബോറട്ടറികൾ ഉൾപ്പെടുന്ന ചികിത്സാ സ്ഥാപനങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടി. ആക്ടിന്റെ ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. |
| ബി) | മാനദണ്ഡം നിലവിൽ ഇല്ലായെങ്കിൽ ലാബ്ഫീസുകൾ ഏകീകരിക്കാനുള്ള നിയമ നിർമ്മാണം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ